I/5773915/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ബി3/5/2023/സാ.നീ.വ.
സാമൂഹ്യനീതി (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-06-2023

Js (Rules)

## സർക്കുലർ

(UDID-Unique Disability Identity Card)

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഭിന്നശേഷിക്കാർക്കായുള്ള ഏകീകൃത തിരിച്ചറിയൽ കാർ ഡ് (UDID-Unique Disability Identity Card) - സർക്കാർ ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി അംഗീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:-

1. 30.11.2010 തീയതിയിലെ സ.ഉ (അച്ചടി ) നം. 86/2010/സാ.ക്ഷേ.വ നമ്പർ ഉത്തരവ്.
2. കേന്ദ്ര സർക്കാരിന്റെ (Ministry of Social Justice & Empowerment Department of Empowerment of Persons with Disabilities) 14/10/2016, 02.11.2016 -എന്നീ തിയതികളിലെ 26-08/20/2015-DDIII നമ്പർ അർദ്ധ ഔദ്യോഗിക കത്തുകൾ.

14/7/2023

14/7/23

**********************

സാമൂഹ്യനീതി വകുപ്പ് സംസ്ഥാന ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടത്തുന്ന മെഡിക്കൽ ബോർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്ക് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പൊതു ആധികാരിക രേഖയായി മേൽപറഞ്ഞ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും വിവിധ വകുപ്പുകൾ നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും, ഭിന്നശേഷിത്വം തെളിയിക്കുന്നതിനും മറ്റ്

സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് ഭിന്നശേഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഒഴിവാക്കേണ്ടതാണെന്നും സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ഭിന്നശേഷിയുള്ള വ്യക്തികൾക്കായി ഒരു ദേശീയ ഡാറ്റാബേസ് സൃഷ്ടിക്കുന്നതിനും ഭിന്നശേഷിക്കാരായ ഓരോ വ്യക്തിക്കും ഒരു ഏകീകൃത തിരിച്ചറിയൽ കാർഡ് നൽ കുന്നതിനുമായി 'UDID (Unique Disability Identity Card) എന്ന പദ്ധതി നടപ്പിലാക്കാൻ Ministry of Social Justice & Empowerment, Government of Indiaതീരുമാനിച്ചിരുന്നു. സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, നിലവിലുള്ള തിരിച്ചറിയൽ കാർഡ് എന്നിവ മാറ്റി ഏകീകൃത തിരിച്ചറിയൽ കാർഡ് (UDID) നൽകി വരുന്നു. സംസ്ഥാനത്ത് UDID നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം കേന്ദ്ര സർക്കാർ അർദ്ധ ഔദ്യോഗിക കത്തുകൾ നൽകിയിരുന്നു. 2016-ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുൾപ്പെടെയുള്ള കാര്യങ്ങളിൽ UDID ഉപയോഗിക്കാവുന്നതാണ്. എന്നാൽ അത് കണക്കിലെടുക്കാതെ കേരളത്തിലെ ചില സർക്കാർ വകുപ്പുകളും, പൊതുമേഖലാ സ്ഥാപനങ്ങളും UDID Card അംഗീകരിക്കുന്നില്ല എന്ന വ്യാപക പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് 2016-ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ളതും മറ്റ് വിവിധ ആനുകൂല്യങ്ങളും അനുവദിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് (Unique Disability Identity Card - UDID) ആധികാരികരേഖയായി നിശ്ചയിച്ചുകൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതും എല്ലാ വകുപ്പ് മേധാവികളും അവരുടെ കീഴിൽ വരുന്ന ഓഫീസർമാർക്കും / സ്ഥാപനങ്ങൾക്കും ടി സർക്കുലറിലെ നിർദ്ദേശങ്ങൾ സത്വര നടപടികൾക്കായി നൽകേണ്ടതുമാണ്. ഇതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

I/5773915/2023

ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം വകുപ്പ് ഉൾപ്പെടെ)

അക്കൗണ്ടന്റ് ജനറൽ (A&E/Auidit) തിരുവനന്തപുരം.

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, ആഞ്ജനേയ, ശാസ്തമംഗലം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ചെയർമാൻ, സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ, മനോവികാസ്, കൊല്ലം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Jasmine Thomas
Date: 22-06-2023 14:18:55
സെക്ഷൻ ഓഫീസർ.

Endorsement on File No Ag-1/18-2023-KPSC dtd 26.7.2023

Copy circulated to PS to Chairman, PA to All Members and Secretary, CA to AS, JS, Deputy Secretaries and Under Secretaries All RO's and AO's, All sections for information and necessary action if any and Stock file.

5/8/23.
For Secretary
KPSC

KP
01/8/23
1.8.2023